(ബി - ഡി) പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ. ആയതിനാൽ ഇത് സംബന്ധിച്ച വിവരങ്ങൾ ഇപ്പോൾ ലഭ്യമല്ല.

പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക

119 (5318) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് കേന്ദ്ര സർക്കാരിൽനിന്നും സംസ്ഥാനത്തിന് ലഭിച്ച തുക എത്രയായിരുന്നു എന്നറിയിക്കുമോ ;

(ബി) ഇതിന്റെ വർഷാടിസ്ഥാനത്തിലുള്ള കണക്ക് വെളിപ്പെടുത്തുമോ ;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് ഓരോ വർഷവും ആവശ്യപ്പെട്ട തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് ഓരോ വർഷവും എത്ര തുക സംസ്ഥാനത്തിന് ലഭിച്ചു എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിനു ലഭിക്കുന്ന പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയുടെ (CRF) 75 ശതമാനം കേന്ദ്ര വിഹിതവും 25 ശതമാനം സംസ്ഥാന വിഹിതവുമാണ്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി കേന്ദ്ര വിഹിതം ഇനത്തിൽ 292.365 കോടി രൂപ ലഭിച്ചിട്ടുണ്ട്. കൂടാതെ 2004-ലെ വരൾച്ചയുമായി ബന്ധപ്പെട്ട് 106 കോടി രൂപയും 2005-ലെ വെള്ളപ്പൊക്കവുമായി ബന്ധപ്പെട്ട് 17.935 കോടി രൂപയും ഉൾപ്പെടെ ആകെ 123.935 കോടി രൂപ അധിക ധനസഹായമായി നാഷണൽ കലാമിറ്റി കണ്ടിജൻസി ഫണ്ടിൽ (NCCF) നിന്നും ലഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്ര സർക്കാരിൽ നിന്നു ലഭിച്ച തുകയുടെ വർഷാടിസ്ഥാനത്തിലുള്ള കണക്ക് താഴെ ചേർക്കുന്നു :

വർഷം	CRF(in crore)	NCCF (in crore)
2001-02	52.9575	....
2002-03	55.60	....
2003-04	58.38	....
2004-05	61.2975	....
2005-06	64.13	123.935

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നതിനുശേഷം 2006-07 വർഷം വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനായി 156.15 കോടി രൂപയും 2007-08 വർഷം വെള്ളപ്പൊക്കം, വേനൽമഴ എന്നിവ മൂലമുണ്ടായ നാശനഷ്ടങ്ങൾക്കായി 791.29 കോടി രൂപയും 2008-09 വർഷം വേനൽ മഴയുമായി ബന്ധപ്പെട്ട് 214.88 കോടി രൂപയും 2009-10 വർഷം വെള്ളപ്പൊക്ക ദുരിതാശ്വാസത്തിനായി 334.30 കോടി രൂപയും 2010-11 വർഷം വരൾച്ച ദുരിതാശ്വാസത്തിനായി 164 കോടി രൂപയും നാഷണൽ കലാമിറ്റി കണ്ടിജൻസി ഫണ്ടിൽ നിന്നും അധിക ധനസഹായമായി ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 12-ാം ധനകാര്യ കമ്മിഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ഓരോ സാമ്പത്തിക വർഷവും നിശ്ചയിച്ചിട്ടുള്ള പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയുടെ കോർപ്പസ് ഇനത്തിൽ ലഭിച്ച തുകയുടെയും 2010-11 വർഷം 13-ാം ധനകാര്യ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ലഭിച്ച തുകയുടെയും കൂടാതെ സംസ്ഥാനം ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അധിക ധനസഹായമായി നാഷണൽ കലാമിറ്റി കണ്ടിജൻസി ഫണ്ടിൽ നിന്നും ലഭിച്ച തുകയുടെയും വിശദാംശം താഴെ ചേർക്കുന്നു :

വർഷം	സി.ആർ.എഫ് കോർപ്പസ് (In crore)		എൻ. സി. സി. എഫ് (In crore)
	കേന്ദ്ര സംസ്ഥാന വിഹിതം	വിഹിതം	
2006-07	67.33	22.44	....
2007-08	70.70	23.57	50.8140
2008-09	74.23	24.75	9.476
2009-10	77.93	25.98	....
2010-11	49.155	....	....

ദുരന്ത നിവാരണ പ്രവർത്തനങ്ങൾ

120 (5319) ശ്രീ. എം. വി. ശ്രേയാംസ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ നാലു വർഷങ്ങളിൽ ഓരോ വർഷവും സംസ്ഥാനത്തിന് കേന്ദ്രസഹായമായി ലഭിച്ച തുകയുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ നാലു വർഷങ്ങളിൽ ഓരോ വർഷവും സംസ്ഥാനം ചെലവഴിച്ച തുക എത്രയെന്ന് വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly